KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION (CITU)

Reg. No.180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U. No.K.1128)
Email : ksfesacitusc@gmail.com, web:www.ksfesa.com

President : **Elamaram Kareem MP** General Secretary : **S. Muraleekrishnapillai**
Mob : 9400307786 Mob : 9446538432

## സർക്കുലർ 3/18

സഖാക്കളെ,

17.09.18, 17.10.18 എന്നീ തീയതികളിലെ സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ 2/18 സർക്കുലർ മുഖേന അറിയിച്ചിരുന്നുവല്ലോ? പ്രസ്തുത സംസ്ഥാന കമ്മിറ്റിയിലെ മറ്റു പ്രധാന തീരുമാനങ്ങളും ഇക്കാലയളവിലെ മറ്റു പ്രധാന സംഭവങ്ങളും റിപ്പോർട്ടു ചെയ്യുകയാണ്.

**1. സെക്രട്ടറിയേറ്റ് അംഗങ്ങളുടെ ചുമതല**

സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങൾക്ക് ചുവടെ കൊടുക്കുന്ന രീതിയിൽ ജില്ലകളുടെ ചുമതല നിശ്ചയിച്ചു.

1. തിരുവനന്തപുരം - സ. കവിതാരാജ് എസ്.വി., 2. കൊല്ലം - സ. ലീന എസ്., 3. പത്തനംതിട്ട സ. മഞ്ജു ആർ., 4. ആലപ്പുഴ - സ. ഷുബി അലി എം., 5. കോട്ടയം - സ. സജു എസ്., 6. ഇടുക്കി - സ. മാത്യൂസ് മാത്യു, 7. എറണാകുളം - സ. നീന എൻ., 8. തൃശൂർ - സ. സുജിത എസ്.എ., 9. H.O., മലപ്പുറം - സ. വിജയ കുമാർ ബി.എസ്., 10. പാലക്കാട് - സ. പി. ദേവദാസ്, 11. കോഴിക്കോട് - സ. ശശി സി., 12. വയനാട് - സ. മനോജ് ഇ.വി., 13. കണ്ണൂർ - സ. മനോജ് ഇ.വി., 14. കാസർകോഡ് - സ. റോജാ രമണി,

**2. സംഘവേദി**

സംഘവേദിയുടെ എഡിറ്ററായി സ. സുജിത എസ്.എ.യെ നിശ്ചയിച്ചു. സഖാക്കൾ ശശി സി., ലീന എസ്., രഞ്ജിത്കുമാർ സി.കെ., സുരേഷ്കുമാർ ആർ. എന്നിവരാണ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ.

**3. സംഘടനയുടെ വെബ്സൈറ്റ് ആധുനികവത്ക്കരണം**

സംഘടനയുടെ വെബ്സൈറ്റ് കാലോചിതമായി പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. സഖാക്കൾ അനീഷ് രാജ്, സബിൽ രാജ്, അനീഷ് ഇ.എച്ച്. എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയ്ക്കായിരിക്കും വെബ്സൈറ്റിന്റെ ചുമതല.

**4. ബൈലോ ഭേദഗതി**

സമ്മേളനം അംഗീകരിച്ച ബൈലോ ഭേദഗതിയനുസരിച്ചുള്ള പുതുക്കിയ മാസവരി (25 രൂപ) അംഗത്വഫീസ് (50 രൂപ) ഇത് ജനുവരി 2019 മുതൽ നടപ്പാക്കാൻ തീരുമാനിച്ചു.

**5. EPS' 95 പെൻഷൻ : കേരളാ ഹൈക്കോടതിയുടെ ചരിത്ര വിധി**

1995-ൽ പ്രഖ്യാപിച്ച EPS' 95 പെൻഷൻ പദ്ധതി രാജ്യത്തെ തൊഴിലാളികളുടെ തൊഴിലവകാശത്തിന്മേലുള്ള ഭരണകൂടത്തിന്റെ ശക്തമായ കടന്നാക്രമണമായിരുന്നു. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അംഗീകരിച്ച ക്ഷേമ സങ്കൽപത്തിനും മൂന്നാം റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ നൽകണമെന്നുള്ള ആശയത്തിനും ഇത് വരുത്തിവച്ച വിനാശം ചില്ലറയല്ല. പി.എഫും, ഗ്രാറ്റുവിറ്റിയും നിലനിർത്തിക്കൊണ്ട് മൂന്നാം റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ നൽകണമെന്ന ആവശ്യത്തിന്റെ മുനയാണ് ഈ തൊഴിലാളിവിരുദ്ധ പെൻഷൻ പദ്ധതി ഒടിച്ചത്. ഈ പെൻഷൻ പദ്ധതിയിലൂടെ പുതുതായി ഒരു ആനുകൂല്യവും തൊഴിലാളിയ്ക്ക് ലഭിച്ചില്ല. 1952ലെ പ്രോവിഡന്റ് ആക്ട് അനുസരിച്ച് തൊഴിലുടമ നിയമപരമായി തൊഴിലാളിയ്ക്ക് നൽകേണ്ട പി.എഫ്. വിഹിതത്തിൽ ഒരു നിശ്ചിത തുക (ഒരു വർഷം പരമാവധി 5000 രൂപ, പിന്നീട് 6500 രൂപയും, അവസാനം 15,000 രൂപയും ഉയർത്തി) പുതുതായി രൂപീകരിച്ച EPS' 95 - ലേക്ക് മാറുന്നതായിരുന്നു വ്യവസ്ഥ. പ്രതിമാസ വിഹിതത്തിന്റെ പലിശപോലും പെൻഷനായി ലഭിക്കില്ലായെന്നതായിരുന്നു തൊഴിലാളികളിൽ പ്രതിഷേധം ഉയരാൻ കാരണം. സി.ഐ.ടി.യു. നേതൃത്വത്തിൽ തെരുവിലും ഇന്ത്യൻ പാർലമെന്റിലും നടന്ന പ്രതിഷേധങ്ങൾ, ബഹു. സുപ്രീം കോടതിയുടെയടക്കം ഇടപെടലുകൾ. എന്നിട്ടും കേന്ദ്രഭരണം കയ്യാളിയിരുന്ന കോൺഗ്രസ്സോ ബി.ജെ.പി.യോ തൊഴിലാളികൾക്കനുകൂലമായ ഒരു നടപടിയും സ്വീകരിച്ചില്ല. എന്ന് മാത്രമല്ല 2008ലും (കോൺഗ്രസ്സ് ഭരണത്തിൽ), 2014ലും (ബി.ജെ.പി. ഭരണത്തിൽ) കൂടുതൽ തൊഴിലാളി വിരുദ്ധ ഭേദഗതികൾ പി.എഫ്. ഓർഗനൈസേഷൻ തന്നിഷ്ടപ്രകാരം നടപ്പിൽ വരുത്തുകയും ചെയ്തു.

**2008-ലെ ഭേദഗതികൾ :**

പെൻഷൻ കമ്മ്യൂട്ടേഷൻ എടുത്തുകളഞ്ഞു. മരണഫണ്ട് (Return of Capital) എടുത്തുകളഞ്ഞു. 50 വയസ്സിന് മുമ്പ് പിരിയുന്ന തൊഴിലാളിയുടെ പെൻഷൻ ഗണ്യമായി വെട്ടിക്കുറച്ചു. തൊഴിലാളിയുടെ പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കാത്ത മുതലാളിമാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ ലഘൂകരിച്ചു.

**2014-ലെ ഭേദഗതികൾ :**

1. പെൻഷൻ പദ്ധതിയിൽ തൊഴിലാളിയുടെ വിഹിതത്തിനൊപ്പം 1.16% കേന്ദ്രസർക്കാർ അടയ്ക്കണമായിരുന്നു. 2014-ലെ ഭേദഗതിയോടെ 15,000 രൂപയ്ക്ക് മുകളിൽ ശമ്പളമുള്ളവരുടെ കാര്യത്തിൽ ആ 1.16% തൊഴിലാളി അടയ്ക്കണമെന്നായി.
2. 01.09.14 മുതൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന 15,000/- രൂപയ്ക്ക് മുകളിൽ ശമ്പളമുള്ളവരെ EPS' 95 - ൽ നിന്ന് പൂർണ്ണമായി ഒഴിവാക്കി.
3. പെൻഷൻ കണക്കാക്കുന്ന ശമ്പളം അവസാനത്തെ 12 മാസത്തെ ശരാശരിയെന്നത് മാറ്റി, 60 മാസശമ്പളത്തിന്റെ ശരാശരിയെന്നാക്കി.

2014 സെപ്തംബർ 1ന് നിലവിൽ വന്ന 22.08.14-ന്റെ G.S.R. 609 (E) നോട്ടിഫിക്കേഷനും അനുബന്ധ ഉത്തരവുകളും റദ്ദു ചെയ്യുകയും ഓപ്ഷൻ നൽകുന്നതിന് കട്ട് ഓഫ് ഡേറ്റ് നിശ്ചയിക്കുന്നത് നിയമവിരുദ്ധമാണെന്നതുമായിരുന്നു ഹൈക്കോടതി വിധിയുടെ കാതൽ. കേരളാ ഹൈക്കോടതിയുടെ മുന്നിൽ വന്ന 507 കേസുകളിൽ തീർപ്പുകൽപ്പിച്ചുകൊണ്ടാണ് ഹൈക്കോടതി വിധി ഉണ്ടായിരിക്കുന്നത്. KSFE- യിലെ 5000-ഓളം ജീവനക്കാരും ഈ കേസിൽ കക്ഷി ചേർന്നവരാണ്. KSFE- യിലെ സംഘടനകളും ജീവനക്കാരും മാനേജ്മെന്റും സംയുക്തമായി 2013 മുതൽ നടത്തിയ നിയമപോരാട്ടത്തിലാണ് ചരിത്രവിധിയുണ്ടായിരിക്കുന്നത്.

2018 നവംബറിൽ റിട്ടയർ ചെയ്യുന്ന ഒരു KSFE തൊഴിലാളിയുടെ അവസാനത്തെ 12 മാസത്തെ ശരാശരി ശമ്പളം 60,000 രൂപയാണെന്ന് കരുതുക. 1995 മുതലുള്ള സർവ്വീസ് കാലളയവ് 23 വർഷം. 20 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവർക്ക് 2 വർഷത്തെ വെയിറ്റേജ് ലഭിക്കും. അങ്ങനെയെങ്കിൽ സർവ്വീസ് കാലയളവ് 25 വർഷം.

ഹൈക്കോടതി വിധി പ്രകാരം ലഭിക്കുന്ന പെൻഷൻ $\frac{25 \times 60,000}{70}$ = 21,429/- രൂപ.

അല്ലായെങ്കിൽ ലഭിക്കുമായിരുന്ന പെൻഷൻ $\frac{25 \times 6,500}{70}$ = 2,321/- രൂപ*

**5000/6500/15,000 - വിവിധ കാലഘട്ടത്തിലെ പരിധിയനുസരിച്ച് Pro-rata basis-ൽ പെൻഷൻ കണക്കാക്കുമ്പോൾ, ചെറിയ വ്യത്യാസം വരും.*

**ഹൈക്കോടതി വിധികൊണ്ടുള്ള നേട്ടം** : പഴയതും പുതിയതുമായ എല്ലാ ജീവനക്കാർക്കും പെൻഷൻ വിഷയത്തിൽ ആശ്വാസത്തിന് വകയുള്ള വിധി. റിട്ടയർ ചെയ്ത ജീവനക്കാർക്ക് കൈപ്പറ്റിയ പി.എഫ്. തുകയുടെ ഗണ്യഭാഗം തിരിച്ചടച്ചുകൊണ്ട് ഉയർന്ന നിരക്കിൽ പെൻഷൻ വാങ്ങാം. നിലവിലുള്ള പഴയ ജീവനക്കാരുടെ പി.എഫിൽ നിന്നു മുൻകാല പ്രാബല്യത്തോടെ ശമ്പളത്തിന്റെ 8.33% തുക പെൻഷൻ ഫണ്ടിലേക്ക് മാറും. 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്കും EPS'95 പദ്ധതിയിൽ അംഗമായി ചേരാം.

**നമ്മൾ ഇനി എന്താണ് ചെയ്യേണ്ടത്?**

കേസിൽ കക്ഷിചേർന്നവരും അല്ലാത്തവരുമായ എല്ലാ ജീവനക്കാരും മാനേജ്മെന്റും സംയുക്തമായി ഓപ്ഷൻ നൽകണം. മാനേജ്മെന്റും സംഘടനാ പ്രതിനിധികളും നിയമോപദേശം തേടി സംയുക്തമായി മുന്നോട്ട് പോകണം. ഹൈക്കോടതി വിധിയുടെയും ഹിമാചൽ പ്രദേശ് ഹൈക്കോടതി വിധിയെ നിരാകരിച്ചുകൊണ്ട് 2016 ഒക്ടോബറിലെ സുപ്രീം കോടതി വിധിയുടെയും അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കേന്ദ്രസർക്കാരും കേന്ദ്ര പി.എഫ്. ഓർഗനൈസേഷനും നോട്ടിഫിക്കേഷൻ നൽകുമെന്ന് നാം കരുതുന്നില്ല. ആയതിനാൽ നിയമപോരാട്ടവും കേന്ദ്ര നയങ്ങളെ തുറന്നുകാണിക്കുന്ന രാഷ്ട്രീയ പോരാട്ടവും നാം തുടരേണ്ടിവരും.

ഹൈക്കോടതി വിധിയെ തുടർന്ന് പെൻഷൻ തുകയിൽ വർദ്ധനവുണ്ടാകുമെങ്കിലും മൂന്നാം റിട്ടയർമെന്റ് ആനുകൂല്യമായല്ല പെൻഷൻ ലഭിക്കുന്നതെന്ന കോട്ടം നിലനിൽക്കും. തുച്ഛമായ പെൻഷൻ ലഭിയ്ക്കാനുള്ള ഒരു കാരണം പി.എഫ്. വിഹിതത്തിൽ തുച്ഛമായ സംഖ്യ മാത്രമാണ് പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കുന്നത് എന്നതുകൊണ്ടാണ്. ഉയർന്ന പെൻഷൻ ലഭിക്കുന്നതിന്, മുൻകാല പ്രാബല്യത്തോടെ പി.എഫിൽ നിന്നും തുക പെൻഷൻ ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടിവരും. പ്രോവിഡന്റ് ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവുണ്ടാകുമെന്ന് സാരം. കൂടാതെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലെ പോലെ ജീവിതച്ചെലവിനനുസരണമായി ക്ഷാമബത്ത EPS'95 ൽ ലഭിക്കില്ലായെന്ന പ്രധാന ന്യൂനതയും നിലനിൽക്കുന്നു. നീതി നടപ്പാക്കാൻ കൂട്ടായ സമരമാർഗങ്ങൾ നമുക്കിനിയും തുടരേണ്ടതുണ്ടെന്ന് സാരം.

6. **കേരളത്തെ കലാപഭൂമിയാക്കാനുള്ള ആർ.എസ്.എസ്.-കോൺഗ്രസ് നീക്കത്തെ ചെറുക്കുക - കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക.**

അഴിമതിയും വിലക്കയറ്റം സൃഷ്ടിക്കുന്ന നടപടികളും ജനവിരുദ്ധ നയങ്ങളും മൂലം അതിവേഗം ജനങ്ങളിൽ നിന്ന് കേന്ദ്രസർക്കാർ ഒറ്റപ്പെട്ടതോടെ രാജ്യമാകെ വർഗീയ കലാപങ്ങൾ സൃഷ്ടിച്ച് മുതലെടുപ്പ് നടത്താൻ സംഘപരിവാർ ശ്രമിക്കുകയാണ്. അയോദ്ധ്യയിൽ രാമക്ഷേത്ര നിർമ്മാണം വൈകിയാൽ 1992 ആവർത്തിക്കുമെന്ന ആർ.എസ്.എസ്സിന്റെ വെല്ലുവിളി രാജ്യത്തിന്റെ നിയമസംവിധാനത്തെ ഫാസിസ്റ്റ് ശക്തികൾ അംഗീകരിക്കുന്നില്ലായെന്നതിന്റെ തെളിവാണ്. ഉത്തരേന്ത്യയിൽ രാമനാണെങ്കിൽ, കേരളത്തിൽ കലാപത്തിന് അയ്യപ്പന്റെ പേര് ഉപയോഗിക്കുകയാണ്.

1991 ഏപ്രിൽ 15ന്റെ ഹൈക്കോടതി വിധിയെത്തുടർന്നാണ് 10 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള

സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം നിഷേധിക്കപ്പെട്ടത്. ബഹു. ഹൈക്കോടതി വിധി അംഗീകരിച്ചുകൊണ്ട്, പമ്പയിൽ ബോർഡ് വയ്ക്കുകയാണ് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ ചെയ്തത്.

ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീ-പുരുഷ സമത്വത്തിനും ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശത്തിനും എതിരായിരുന്നു പ്രസ്തുത വിധിയെന്നിരുന്നാലും ഹൈക്കോടതിയ്ക്കെതിരെ ഇടതുസർക്കാർ അപ്പീലിന് പോയില്ല. തുടർന്ന് 2006-ലാണ് ഒരു കൂട്ടം സംഘപരിവാർ യുവ വനിതാ അഭിഭാഷകർ ഹൈക്കോടതി വിധിയ്ക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയത്. 2007ൽ എൽ.ഡി.എഫ്. സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ, സ്ത്രീ-പുരുഷ സമത്വം സർക്കാരിന്റെ നയമാണെന്നും എന്നാൽ ശബരിമല സ്ത്രീ പ്രവേശനം വിശ്വാസവുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ഹിന്ദുമത പണ്ഡിതരും അഴിമതിരഹിതരുമായ വ്യക്തികളെ ഉൾപ്പെടുത്തി കമ്മീഷൻ രൂപീകരിക്കണമെന്നും കമ്മീഷന്റെ തീരുമാനപ്രകാരം സ്ത്രീ പ്രവേശന കാര്യത്തിൽ സുപ്രീം കോടതി തീരുമാനമെടുക്കണമെന്നും സുപ്രീം കോടതി തീരുമാനം ഏതുതന്നെയാണെങ്കിലും സർക്കാർ നടപ്പാക്കുമെന്നുമായിരുന്നു സത്യവാങ്മൂലം.

നമ്മുടെ നവോത്ഥാനം - ദേശീയപ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാനവും കർഷക പ്രസ്ഥാനങ്ങളുമെല്ലാം അത് പലരൂപത്തിൽ ഏറ്റെടുത്താണ് വിവേകാനന്ദൻ 'ഭ്രാന്താലയം' എന്ന് വിളിച്ച കേരളത്തെ 'കേരള മാതൃക' എന്ന പിൽക്കാല പദവിയിലേക്ക് എത്തിച്ചത്. ആ മഹാപാരമ്പര്യത്തെയാണ് തെറിവിളികളുമായി വർഗീയ ഫാസിസ്റ്റുകൾ തെരുവിൽ നിരന്നുനിന്ന് വെല്ലുവിളിക്കുന്നത്.

ആചാരസംരക്ഷണത്തിന് ഇറങ്ങിയ ക്രിമിനലുകൾ പരിപാവനമായ പതിനെട്ടാം പടിക്ക് പുറംതിരിഞ്ഞുനിന്ന് കൂകിവിളിക്കുന്നത് നാം കാണുകയാണ്. 52 വയസ്സുള്ള സ്ത്രീയെ 'അടിച്ചുകൊല്ലടാ അവളെ' എന്നാക്രോശിച്ചടുക്കുന്ന ആൾക്കൂട്ട ഭീകരതയും ശബരിമലയിൽ അരങ്ങേറി. വിശ്വാസ സംരക്ഷണമാണ് പ്രശ്നമെങ്കിൽ, ഇന്ത്യൻ പാർലമെന്റിൽ നിയമം കൊണ്ടുവന്ന് സുപ്രീം കോടതിവിധിയെ അസാധുവാക്കാൻ ബി.ജെ.പി.ക്കും കോൺഗ്രസ്സിനും കഴിയും. ഇൻഷുറൻസ്, റെയിൽവേ പോലുള്ള തന്ത്രപ്രധാന മേഖല സ്വകാര്യവത്ക്കരിക്കാനും തൊഴിലാളിവിരുദ്ധ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കാനും പാർലമെന്റിൽ കൈകോർത്തവരാണല്ലോ ഇവർ. അത് ചെയ്യുന്നതിന് പകരം കലാപത്തിന് ഇറങ്ങുന്നവരെ നാം കരുതിയിരിക്കണം.

പ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കുക എന്ന ഏറ്റവും ശ്രമകരമായ ജോലി നിർവ്വഹിക്കുന്നതിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക എന്നതാണ് കേരളത്തെ സ്നേഹിക്കുന്ന ഓരോ മലയാളിയുടെയും കടമ. രണ്ട് മാസം മുമ്പ് പ്രളയം വിഴുങ്ങിയ കേരളം അനുഭവിച്ച ദുരിതങ്ങൾക്ക് കണക്കില്ല. അനേകം ജീവനും ലക്ഷക്കണക്കിനാളുകൾക്ക് ജീവിതവും നഷ്ടപ്പെടുത്തിയ വെള്ളപ്പൊക്കം സൃഷ്ടിച്ച നാശനഷ്ടം 40,000 കോടി രൂപയിൽ കൂടുതലാണ്. പുനർനിർമ്മാണത്തിന് കേന്ദ്രം കാര്യമായൊന്നും നൽകിയില്ലെന്ന് മാത്രമല്ല; വിദേശസഹായം സ്വീകരിക്കുന്നതിന് വിലക്കും ഏർപ്പെടുത്തി. ദുരിതാശ്വാസ നിധിയിലേക്ക് ആകെ ലഭിച്ചത് കേരളീയരും രാജ്യത്തിലെ സുമനസ്സുകളും കൂടി നൽകിയ 2000ൽ പരം കോടി രൂപ മാത്രമാണ്. ജാതിമത ചിന്തകൾക്കും രാഷ്ട്രീയത്തിനും അതീതമായി കേരളത്തെ പുനർനിർമ്മിക്കുക എന്ന ചരിത്രപരമായ ഉത്തരവാദിത്വം നിറവേറ്റാനുള്ള കേരളീയ ജനതയെയാണ് പിന്നോട്ട് നടത്താൻ വർഗീയവാദികൾ ശ്രമിക്കുന്നത്. അവർക്കൊപ്പം കൂടുകയാണ് കോൺഗ്രസ്സ്. ഇത് തീക്കളിയാണ്. ഈ നാട്ടിൽ സമാധാനം പുലർന്നുകാണാൻ ആഗ്രഹിക്കുന്ന ആരും തന്നെ തന്ത്രിമാരും അധികാരഭ്രഷ്ടരാക്കപ്പെട്ട രാജാക്കന്മാരും കുറെ തമ്പ്രാക്കളും കൂടി നിയമം കൈയിലെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കില്ല. കേരളം നേടിയ നേട്ടങ്ങളെ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ നമുക്കൊരുമിച്ച് നിൽക്കാം.

### 7. സാലറി ചലഞ്ച് : അഭിമാനപൂർവ്വം അണിചേരുക

കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പ്രളയദുരിതത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. 4 ലക്ഷം ഭവനങ്ങൾ തകർത്ത പ്രളയം 15 ലക്ഷം പേരെയാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചത്. 54,000 ഹെക്ടർ കൃഷിഭൂമി നശിച്ചു. 700 ഭവനങ്ങളെ പൂർണ്ണമായും പ്രളയം നക്കിത്തുടച്ചുമാറ്റി. രണ്ടര ലക്ഷം ആടുമാടുകളും ഏതാണ്ട് അത്രയും തന്നെ കോഴി താറാവുകളും ചത്തൊടുങ്ങി. ഓണക്കാലത്തേയ്ക്ക് കരുതിവച്ചിരുന്ന അരിയും ധാന്യങ്ങളും തുണിത്തരങ്ങളും നശിച്ച് കോടികളുടെ നഷ്ടമാണ് വ്യാപാര മേഖലയിൽ ഉണ്ടായത്. ദേശീയപാതയുൾപ്പെടെയുള്ള റോഡുകൾ തകർന്ന് തരിപ്പണമായി. സ്കൂളുകളും ആശുപ്രതികളുമടക്കം പുനർനിർമ്മിക്കേണ്ട സ്ഥിതിയിലാണ് കേരളം. കേരള സർക്കാരിന്റെ ഫലപ്രദമായ ഇടപെടലും ഏകോപനവും മൂലമാണ് ആയിരക്കണക്കിന് പേരെ മരണത്തിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞത്. ദുരിതാശ്വാസ ക്യാമ്പുകളിൽ പരാതിയില്ലാതെ സൗകര്യങ്ങളൊരുക്കിയതും പ്രളയാനന്തരം പകർച്ചവ്യാധികൾ പിടിപെടാതെ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചതും ദേശീയതലത്തിൽ മാത്രമല്ല അന്താരാഷ്ട്രതലത്തിലും ചർച്ച ചെയ്യപ്പെട്ടു. ഐക്യരാഷ്ട്രസഭയും കേരളത്തെ പ്രശംസിച്ചു. ഇന്ത്യൻ സേനയുടെയും കേരളാ പോലീസിന്റെയും ഫയർഫോഴ്സിന്റെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടന്ന രക്ഷാപ്രവർത്തനവും പ്രളയാനന്തര ശുചീകരണ പ്രവർത്തനവും ലോകത്തിന് തന്നെ മാതൃകയായി. കേരളം പുതുക്കിപ്പണിയുക എന്ന അത്യന്തം ദുഷ്ക്കരവും പണച്ചെലവേറിയതുമായ കർത്തവ്യമാണ് നമുക്ക് കൂട്ടായി നിർവഹിക്കാനുള്ളത്. കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിച്ച സഹായം ലഭിച്ചില്ലെന്ന് മാത്രമല്ല, വിദേശത്തുനിന്ന് പണം സ്വരൂപിക്കുന്നതിനും അനുവദിക്കുന്നില്ല. കേരള സർക്കാരിന്റെ വായ്പാപരിധി ഉയർത്തി 15,000 കോടി സ്വരൂപിക്കാനുള്ള നീക്കത്തിനും കേന്ദ്രം തടസ്സവാദങ്ങൾ ഉന്നയിക്കുകയാണ്. ഈ അവസ

രത്തിലാണ് ഒരു മാസത്തെ ശമ്പളം കേരളത്തിന്റെ പുനർനിർമ്മാണത്തിന് സംഭാവന ചെയ്യാൻ ലോകമെങ്ങുമുള്ള മലയാളികളോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചത്. ആവേശകരമായ പ്രതികരണമാണ് ഉണ്ടായത്. മലയാളികൾ മാത്രമല്ല സുപ്രീം കോടതിയിലെയും വിവിധ ഹൈക്കോടതികളിലെയും ജഡ്ജിമാർ, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, സംസ്ഥാന സർക്കാർ ജീവനക്കാർ എന്നിങ്ങനെ നിരവധി പേർ കേരളത്തെ സഹായിക്കാനായി രംഗത്തുവന്നു. കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും ഉയർന്ന സാമൂഹ്യബോധത്തോടെയാണ് പ്രതികരിച്ചത്. വീടും പറമ്പും കുടുക്കയിലെ ചില്ലറ സമ്പാദ്യവും വരെ സംഭാവന നൽകുന്നത് നാം കണ്ടു. ഈ സാഹചര്യത്തിൽ പൊതുമേഖലാ ധനകാര്യ സ്ഥാപനത്തിലെ ജീവനക്കാരെന്ന നിലയിൽ അഭിമാനബോധത്തോടെയും കർത്തവ്യബോധത്തോടെയും Salary Challengeൽ അണിചേരാൻ സംഘടന എല്ലാ വിഭാഗം ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. എല്ലാ അംഗങ്ങളും 15-ാം തീയതിക്ക് മുമ്പായി HRMS വഴി ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**8. വർക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റം, ഗ്രേഡ് പ്രമോഷൻ നൽകൽ, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവ വൈകുന്നത്, CASBA പ്രശ്നം - ശക്തമായ പ്രതിഷേധം**

ബിസിനസ്സ് വർദ്ധനവും കുടിശ്ശിക നിവാരണത്തിലെ അധികജോലിയും മൂലം വർക്മെൻ ജീവനക്കാരുടെ ജോലിഭാരം ഇരട്ടിച്ചിരിക്കുകയാണ്. അവധിദിവസം കഴിഞ്ഞുവരുന്ന ദിവസം CASBA വട്ടം ചുറ്റിക്കുകയാണ്. ഓഫീസർ തസ്തികയിൽ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്ന മാനേജ്മെന്റ് വർക്മെൻ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിലും സ്ഥലംമാറ്റം നൽകുന്നതിലും കാണിക്കുന്ന നിഷേധ സമീപനം തിരുത്തപ്പെടണം. വർക്മെൻ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ എക്സ് സർവ്വീസ് ലീഗ് വഴിയോ അടിയന്തിരമായി നികത്തുക. ഗ്രേഡ് പ്രമോഷനുകൾ സമയബന്ധിതമായി നൽകുക, പി.എസ്.സി. വെരിഫിക്കേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം പുതിയ ജീവനക്കാർക്ക് കൺഫർമേഷൻ നൽകുക എന്നീ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കാൻ തീരുമാനിച്ചു.

CASBAയുടെ യഥാർത്ഥ പ്രശ്നം കണ്ടെത്തി സംഘടനകളെ വിശ്വാസത്തിലെടുത്ത് പരിഹരിക്കുന്നതിനു പകരം മുട്ടുശാന്തി പരിഹാരം ചെയ്ത് മുന്നോട്ടുപോവുന്ന അപകടകരമായ മനോഭാവത്തിൽ നിന്ന് മാനേജ്മെന്റ് പിന്തിരിയണം. അവധിദിവസം കഴിഞ്ഞു ഭയത്തോടെ ജീവനക്കാർ ഓഫീസിലെത്തുന്ന സ്ഥിതിയ്ക്ക് മാറ്റം വരണം. Stystem Audit/Application Audit നടത്തുകയും സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്യുകയും വേണം. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ തിരുത്തൽ നടപടികളുണ്ടായില്ലെങ്കിൽ പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിക്കാൻ തീരുമാനിച്ചു.

അഭിവാദനങ്ങളോടെ,

തൃശൂർ — **എസ്. മുരളീകൃഷ്ണപിള്ള**

14-11-2018 — ജനറൽ സെക്രട്ടറി

**'അടിച്ചുകൊല്ലെടാ അവളെ' വീടുകളിൽ കേട്ടപ്പോഴൊന്നും ആരും തടഞ്ഞിട്ടില്ല. അമ്മയേം പെങ്ങളേം ഭാര്യയേയും കാമുകിയെയും, മകളെയും അവർ എതിർത്തപ്പോഴൊക്കെ നിങ്ങൾ നേരിട്ടത് ഇങ്ങനെ തന്നെയായിരുന്നു. 'അടിച്ചുകൊല്ലെടാ അവളെ'. ഈ വാക്കുകൾ അതൊരംഗീകരിക്കപ്പെട്ട പുല്ലിംഗാക്രോശമായിരുന്നു. സൈബറിടത്തിൽ അതൊരു പുല്ലിംഗഘോഷമായി നിർബാധം തുടരുകയാണ്. വൈകിയാണെങ്കിലും അമ്പലനടയിലും അതു മുഴങ്ങിക്കേൾക്കുന്നു. ആഭാസന്മാരായി ആൺമക്കളെ വളർത്തിവിടുന്ന ഫാസിസ്റ്റുവീടുകളോട്, നിശ്ശബ്ദം അതൊക്കെ അംഗീകരിച്ച് തല കുമ്പിട്ടുനടന്ന കുലീനതാ നാട്യങ്ങളോട് എതിരിട്ടപ്പോഴൊക്കെ ഞങ്ങൾ പല ഭാഷയിലിതുകേട്ടു. ആണത്തം കൊമ്പുകുലുക്കിത്തുടങ്ങുന്ന ഘട്ടത്തിൽ അതിനെ നിലയ്ക്കുനിർത്താൻ വീടിനു കഴിയണം. അമ്മക്കു കഴിയണം. അവനോട് വിവിധ ഘട്ടങ്ങളിൽ ഇടപെടുന്ന എല്ലാ സ്ത്രീകൾക്കും കഴിയണം. 'നീ എന്റെ അധികാരിയല്ല എന്നത് വീട്ടിലെ സ്ത്രീയുടെ മുദ്രാവാക്യമാകണം. ഇല്ലെങ്കിൽ ഭാവി വലിയ പ്രശ്നം തന്നെയാകും. അതു പറയാൻ തന്റേടം കാട്ടാത്ത ഓരോ സ്ത്രീയും സ്വന്തം നില ഒരു പുനർവിചിന്തനത്തിനുവെക്കേണ്ട സമയമായിരിക്കുന്നു. മുത്തശ്ശിയും അമ്മയും ഭാര്യയുമടങ്ങുന്ന മൂന്നുതലമുറയിലെ സ്ത്രീകളെ തന്റെ അഹങ്കാരങ്ങൾക്കു ന്യായവാദവുമായി രാഹുൽ ഈശ്വർ കൊണ്ടിരുത്തിയപ്പോൾ ഞാനമ്പരന്നു: 'നിന്റെ തെമ്മാടിത്തരങ്ങൾക്കു കൂട്ടുനിൽക്കാൻ ഞങ്ങളെ കിട്ടില്ല' എന്ന് അതിൽ ഒരു സ്ത്രീപോലും പറഞ്ഞില്ല. ചുമ്മാതല്ല ഇയാളിങ്ങനെ ഞുളക്കുന്നതും പുളയുന്നതും എന്ന് ഞാൻ ആത്മഗതം ചെയ്യുകയായിരുന്നു. 'അടിച്ചുകൊല്ലെടാ അവളെ' എന്നത് കേരളം പോലെ ഒരു സംസ്ഥാനത്ത് ഉയർന്നുകേൾക്കുന്നത്; 'ജനനീ ജന്മഭൂമിശ്ച' എന്നു പറയുന്ന നാവുകൊണ്ടുതന്നെയാണെന്നതും ഓർക്കുക. ഇത്തരം ആൺകുട്ടികൾ വളർന്നുവരുന്ന നാട്ടിൽ അമ്മ എന്നത് ഏറ്റവും അശ്ലീലമായ പദമാണ്.**

**- എസ്. ശാരദക്കുട്ടി**